4296
12/3/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കേരള വന വികസന കോർപ്പറേഷൻ തൃശ്ശൂർ ഡിവിഷനിൽ സ്റ്റെനോടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 08/10/2017-ൽ മരണമടഞ്ഞ വാസന്തി കെ.ഡി.-യുടെ മകൻ ശ്രീ.ദിവിൻ പി.ഡി.-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, പ്യൂൺ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(കൈ) നം.4/2021/വനം തീയതി,തിരുവനന്തപുരം, 17/02/2021

---

പരാമർശം:- 1) 07.06.2007-ലെ സ.ഉ.(പി) നം. 32/2007/പി.എൽ.ജി

2) 22.11.2018-ലെ സ.ഉ.(പി) നം. 18/2018/പി.എൽ.ജി.

3) കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 08/11/2019, 02/11/2020 തീയതികളിലെ ഇ1-579/19/3434 നമ്പർ കത്തുകൾ

4) തൃശ്ശൂർ ജില്ലാ കളക്ടറുടെ 29/09/2020-ലെ എ.6-450/2020 നമ്പർ കത്ത്.

ഉത്തരവ്

കേരള വന വികസന കോർപ്പറേഷൻ മൂന്നാർ ഡിവിഷനിൽ സ്റ്റെനോടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ, 08/10/2017-ൽ, മരണമടഞ്ഞ വാസന്തി കെ.ഡി.-യുടെ മൂത്തമകൻ ശ്രീ.ദിവിൻ പി.ഡി. (പാലാഴി വീട്, ഇരിങ്ങപ്പുറം പോസ്റ്റ്, ഗുരുവായൂർ, തൃശ്ശൂർ 680103), സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, നിയമനത്തിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പരേതയായ വാസന്തി കെ.ഡി.-യുടെ സേവനകാലം 27 വർഷവും 07 മാസവും 28 ദിവസവുമാണ്. പരേതയുടെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ, യഥാക്രമം, 08.11.1960, 19.02.1990-ഉമാണ്.

2. 17/12/2019-ന് കൂടിയ കേരള വന വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് യോഗം, ശ്രീ.ദിവിൻ പി.ഡി.-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പ്യൂൺ തസ്തികയിൽ നിയമനം നൽകുന്നതിന്, 1676-ാം നമ്പർ പ്രമേയം പാസാക്കുകയുണ്ടായി. കൂടാതെ, പരാമർശം (3)-ലെ കത്ത് പ്രകാരം, കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും, പരാമർശം (4)-ലെ കത്ത് പ്രകാരം, തൃശ്ശൂർ ജില്ലാ കളക്ടറും അപേക്ഷകന് നിയമനം നല്കുന്നതിന് ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. അപേക്ഷകനായ ശ്രീ.ദിവിൻ പി.ഡി., ഹയർ സെക്കന്ററി സ്കൂൾ പരീക്ഷാ പാസ്സായിട്ടുള്ളതും ടിയാന്റെ ജനനതീയതി 31.10.1990-ഉമാണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൻ സമർപ്പിച്ചിരുന്നു. ഈ ജോലിക്കായി പരേതയുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും തൃശ്ശൂർ ജില്ലാ കളക്ടറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതയുടെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ.ദിവിൻ പി.ഡി.-ക്ക് ജോലി

നൽകുന്നതിൽ എതിർപ്പില്ലെന്ന് പരേതയുടെ മറ്റവകാശികൾ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിന് ബാധകമായ കുടുംബ വർഷിക വരുമാന പരിധി 8 ലക്ഷം രൂപയാണ്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,25,580/- രൂപയാണെന്ന് (ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) ഗുരുവായൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും ഫിറ്റ്നസ് സർട്ടിഫിക്കറ്റും ടിയാൻ ഹാജരാക്കിയിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടേയും തൃശ്ശൂർ ജില്ലാ കളക്ടറുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. കേരള വന വികസന കോർപ്പറേഷൻ തൃശ്ശൂർ ഡിവിഷനിൽ സ്റ്റെനോടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ, 08/10/2017-ൽ, മരണമടഞ്ഞ വാസന്തി കെ.ഡി.-യുടെ മൂത്തമകൻ ശ്രീ.ദിവിൻ പി.ഡി.-യ്ക്ക് കേരള വന വികസന കോർപ്പറേഷന്റെ ആസ്ഥാന ഓഫീസിലോ, ഡിവിഷണൽ ഓഫീസുകളിലോ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും ഓഫീസിലോ നിലവിൽ ഉള്ളതോ/ആദ്യം വരുന്നതോ ആയ 'പ്യൂൺ ഗ്രേഡ് II' തസ്തികയിൽ, പരാമർശം (1)-ഉം (2)-ഉം സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, നിയമനം നല്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. കൂടാതെ, ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിനുമുമ്പ്, കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ടിയാന്റെ സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

6. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിലേക്കായി അപേക്ഷകൻ എന്തെങ്കിലും തെറ്റായ വിവരം നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K.SURESHKUMAR**

ജോയിന്റ് സെക്രട്ടറി

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, കേരള വന വികസന കോർപ്പറേഷൻ, ആരണ്യകം, കാരാപ്പുഴ, കോട്ടയം.

ജില്ലാ കളക്ടർ, കളക്ടറേറ്റ്, തൃശ്ശൂർ

ശ്രീ.ദിവിൻ പി.ഡി., പാലാഴി വീട്, ഇരിങ്ങപ്പുറം പോസ്റ്റ്, ഗുരുവായൂർ, തൃശ്ശൂർ 680103. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ (ബിപിഇ) വകുപ്പ് (PLGEA-BPE2/186/2020-PLGEA പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ നൽകുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by ASHARAF A
Date 2021.07.17 11:40:40 IST
Reason: Approved

സെക്ഷൻ ഓഫീസർ